സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 236 2025 ജനുവരി 10 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## കുടുംബത്തിലെ 5പേർ കൊല്ലപ്പെട്ട നിലയിൽ

മീറത്ത് (യു.പി): മീറത്തിലെ ലിസാരി ഗേറ്റ് ഏരിയയിൽ കുടുംബത്തിലെ അഞ്ച് പേരെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. ഭർത്താവും ഭാര്യയും അവരുടെ മൂന്ന് പെൺമക്കളമാണ് കൊല്ലപ്പെട്ടത്. ദമ്പതികളുടെ മൃതദേഹം തറയിലും 2കുട്ടികൾ കട്ടിലിലും ഒരു കുട്ടിയുടെ മൃതദേഹം ചാക്കിലുമാണ് കണ്ടെത്തിയത്. കൊല്ലപ്പെട്ട 5 പേർക്കും തലക്ക് പരിക്കേറ്റതായും ഭാരമേറിയ വസ്തു ഉപയോഗിച്ചായിരിക്കാം ആക്രമിച്ചതെന്നും പൊലീസ് പറഞ്ഞു. പോസ്റ്റ്മോർട്ടത്തിന് ശേഷമേ മരണകാരണം സ്ഥിരീകരിക്കൂവെന്നും പ്രാഥമിക കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വ്യക്തി വൈരാഗ്യവുമായി ബന്ധപ്പെട്ട കൊലപാതകമാണെന്ന് സംശയിക്കുന്നതായും എസ്.എസ്പി വിപിൻ ടാഡ പറഞ്ഞു. വീട്ടിൽ ആളില്ലാത്തതിൽ സംശയം പ്രകടിപ്പിച്ച അയൽവാസികളാണ് പൊലീസിൽ വിവരം അറിയിച്ചത്.

# ഭാവഗായകന് വിട

## പി. ജയചന്ദ്രന് ആദരാഞ്ജലികൾ

### പുങ്കുന്നത്തേക്ക് ഒഴുകിയെത്തി ജനം; വിയോഗത്തിൽ വേദനയെന്ന് പ്രധാനമന്ത്രി

തൃശൂർ: മലയാളത്തിന്റെ ഭാവഗായകൻ പി. ജയചന്ദ്രന് അന്ത്യാഞ്ജലി അർപ്പിച്ച് നാട്. മൃതദേഹം പുങ്കുന്നത്തെ വീട്ടിലെത്തിച്ചു.നിരവധിപ്പോരാണ് പ്രിയഗായകനെ അവസാനമായി ഒന്നുകാണാൻ പുങ്കുന്നത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. സംഗീത അക്കാദമി റീജനൽ തിയറ്ററിലും പൊതുദർശനം ക്രമീകരിച്ചിട്ടുണ്ട്.

നാളെ ഉച്ചയ്ക്ക്ഷം ശേഷം മൂന്നിന് പറവൂർ ചേന്ദമംഗലത്താണ് സംസ്കാരം. പ്രിയപ്പെട്ട ഗായകന്റെ വിയോഗത്തിൽ വേദനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദുഃഖത്തിൽ കുടുംബത്തിനും ആരാധകർക്കുമൊപ്പമെന്നും അദ്ദേഹം അറിയിച്ചു. വിശാലവികാരങ്ങൾ പകരുന്ന ഇതിഹാസ ശബ്ദത്താൽ അനുഗ്രഹീതനായിരുന്നു ജയചന്ദ്രനെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്നലെ വൈകുന്നേരത്തോടെയാണ് അദ്ദേഹത്തിന്റെ വിയോഗമുണ്ടായത്. അർബുദ ബാധിതനായി ചികിൽസയിലായിരുന്നു. മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി, കന്നട ഭാഷകളിൽ പാടിയിട്ടുണ്ട്. പ്രണയഗാനങ്ങൾക്ക് ഭാവസൗന്ദര്യം പകർന്ന പി.ജയചന്ദ്രന്റെ മഞ്ഞലയിൽ മുങ്ങിത്തോർത്തി, അനുരാഗഗാനം പോലെ, രാജീവനയനേ നീയുറങ്ങൂ, രാസാത്തി ഉന്നെ കാണാതെ നെഞ്ചം, പ്രായം നമ്മിൽ മോഹം നൽകി, നിൻ മണിയറയിലെ, മറന്നിട്ടുമെന്തിനോ, ഹർഷബാഷ്പം തൂകി, കാട്ടുകുറിഞ്ഞി പൂവും ചൂടി, ഉപാസന, കരിമുകിൽ കാട്ടിലെ, തുടങ്ങിയ ഗാനങ്ങൾ കാല ഭാഷഭേദമന്യേ ആസ്വാദകർ ഹൃദയത്തിലേറ്റിയവയാണ്.

1985ൽ ശ്രീനാരായണ ഗുരുവിലെ ഗാനത്തിന് പി.ജയചന്ദ്രൻ ദേശീയപുരസ്കാരം നേടി. നാല് തവണ തമിഴ്നാട് സർക്കാർ പുരസ്കാരവും ജെസി ഡാനിയൽ അവാർഡും ലഭിച്ചു. 1944 മാർച്ച് 3ന് കൊച്ചി രവിപുരത്ത് ജനിച്ച പി.ജയചന്ദ്രൻറെ പിന്നീടുള്ള ജീവിതം തൃശൂർ ഇരിങ്ങാലക്കുടയിലായിരുന്നു.

## കോൺഗ്രസ് നേതാക്കൾക്ക് ആശ്വാസം, 15 വരെ അറസ്റ്റ് ചെയ്യരുതെന്ന് കോടതി

സുൽത്താൻ ബത്തേരി: വയനാട് ഡി സി സി ട്രഷററർ എൻ എം വിജയനും മകൻ ജിജേഷും ജീവനൊടുക്കിയ സംഭവത്തിൽ പ്രതികളുടെ അറസ്റ്റ് തടഞ്ഞ് കോടതി. ഈ മാസം 15വരെ പ്രതികളെ അറസ്റ്റ് ചെയ്യരുതെന്ന് പ്രിൻസിപ്പൽ സെഷൻസ് കോടതി വാക്കാൽ നിർദേശം നൽകി.

പ്രതികളുടെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കവെയാണ് 15വരെ അറസ്റ്റ് ചെയ്യരുതെന്ന് നിർദേശിച്ചത്. കേസ് ഡയറി അടുത്ത ബുധനാഴ്ച ഹാജരാക്കാനും കോടതി പൊലീസിന് നിർദേശം നൽകി. പതിനഞ്ചാം തീയതിയായിരിക്കും വിശദമായ വാദം കേൾക്കൽ.

കേസിലെ ഒന്നാം പ്രതിയും സുൽത്താൻബത്തേരി എം എൽ എയുമായ ഐ സി ബാലകൃഷ്ണനും രണ്ടാം പ്രതിയും ഡി സി സി പ്രസിഡന്റുമായ എൻ ഡി അപ്പച്ചനുമാണ് മുൻകൂർ ജാമ്യം തേടി കോടതിയെ സമീപിച്ചത്. എം എൽ എ ഒളിവിലല്ലെന്നും അന്വേഷണവുമായി സഹകരിക്കുമെന്നും അദ്ദേഹത്തിന്റെ വക്കീൽ പ്രതികരിച്ചു.

ചോദ്യം ചെയ്യലിന് ഹാജരാകാൻ എം എൽ എയ്ക്ക് നോട്ടീസ് ലഭിച്ചിട്ടില്ലെന്നും അഭിഭാഷകൻ വ്യക്തമാക്കി. ഡി സി സി മുൻ ട്രഷറർ കെ കെ ഗോപിനാഥ് ആണ് മൂന്നാം പ്രതി. അന്തരിച്ച മുൻ ഡി സി സി പ്രസിഡന്റ് പി വി ബാലചന്ദ്രനെ നാലാം പ്രതിയാക്കിയുമാണ് കേസെടുത്തിരിക്കുന്നത്.

## ജയിൽ ചപ്പാത്തിയും വെജ് കറിയും; പത്രക്കടലാസ് വിരിച്ച് ഉറക്കം, ബോബിക്ക് കൂട്ട് ലഹരി–മോഷണക്കേസിലെ പ്രതികൾ

കൊച്ചി: നടിയെ ലൈംഗികമായി അധിക്ഷേപിച്ച കേസിൽ അറസ്റ്റിലായ ബോബി ചെമ്മണ്ണൂർ ജയിലിൽ കഴിയുന്നത് മോഷണം, ലഹരിമരുന്ന് കേസിലെ പ്രതികൾക്കൊപ്പം. കാക്കനാട്ടെ ജയിലിൽ 10പേർക്ക് കഴിയാവുന്ന സെല്ലിൽ ആറാമനായിട്ടാണ് ബോബി കഴിയുന്നത്. ഇന്നലെ വൈകീട്ട് 7.10ഓടോയൊണ് ബോബിയെ ജയിലിൽ എത്തിച്ചത്. തുടർന്ന് പായയവും പുതപ്പും വാങ്ങി സെല്ലിലേക്ക് നീങ്ങി. ജയിലിലെ അന്തേവാസികൾക്ക് 5 മണിക്ക് തന്നെ ഭക്ഷണം നൽകിക്കഴിയും. ബോബി കോടതിയിലും ആശുപത്രിയിലും തുടർന്നതിനാൽ ഭക്ഷണം കഴിച്ചിട്ടില്ലെന്ന് പൊലീസ് അറിയിച്ചതോടെ ജയിൽ ചപ്പാത്തിയും വെജിറ്റബിൾ കറിയും നൽകി.

ബുധനാഴ്ച രാവിലെയാണ് ബോബി അറസ്റ്റിലാവുന്നത്. പിന്നാലെ റോഡ് മാർഗം എറണാകുളം സെൻട്രൽ സ്റ്റേഷനിൽ വൈകിട്ടോടെ എത്തുകയായിരുന്നു. അന്ന് രാത്രി പത്രക്കടലാസ് വിരിച്ചാണ് ബോബി സെല്ലിൽ ഉറങ്ങിയത്. അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം മെഡിക്കൽ പരിശോധന പൂർത്തിയാക്കി വ്യാഴാഴ്ച പുലർച്ചെ ഒരുമണിയോടെ സെല്ലിൽ എത്തിക്കുകയായിരുന്നു. ഒരു രാത്രി മുഴുവൻ പൊലീസ് സ്റ്റേഷനിലെ ലോക്കപ്പിൽ കഴിഞ്ഞെങ്കിലും തെറ്റു ചെയ്തിട്ടില്ലെന്ന വാദവും ചിരിയുമായി കോടതിയിലെത്തിയ ബോബി ചെമ്മണ്ണൂർ ജാമ്യം നിഷേധിച്ച ഉത്തരവ് കേട്ടതോടെ തളർന്നു.

ഇന്നലെ രാവിലെ 11ന് ജനറൽ ആശുപത്രിയിൽ വൈദ്യപരിശോധന നടത്തി, 12ഓടെയാണ് കോടതിയിൽ എത്തിച്ചത്. മാദ്ധ്യമങ്ങൾ കാത്തുനിന്ന പ്രധാന വഴിയിൽ നിന്ന് മാറ്റിയാണ് രണ്ടാംനിലയിലെ കോടതി മുറിയിലെത്തിച്ചത്. റിമാൻഡ് റിപ്പോർട്ടിലും ജാമ്യഹർജിയിലും വാദം 2.30വരെ നീണ്ടു. ഉച്ചയ്ക്കുശേഷം ഉത്തരവ് പറയാൻ കോടതി പിരിഞ്ഞു. ബോബിയോട് കോടതിമുറിയിൽ തുടരാനും നിർദ്ദേശിച്ചു.

വൈകിട്ട് 4.45നാണ് മജിസ്ട്രേറ്റ് ജാമ്യം നിഷേധിക്കുന്ന ഉത്തരവ് വായിച്ചത്. പ്രതിക്കൂട്ടിലെ കസേരയിലിരുന്ന ബോബി ദേഹാസ്വാസ്ഥ്യം പ്രകടിപ്പിച്ചു. ചുറ്റും നിൽക്കുന്നവരോട് മാറി നിൽക്കാനും വെള്ളം കൊടുക്കാനും കോടതി നിർദ്ദേശിച്ചു. നടപടിക്രമങ്ങൾ പൂർത്തിയാക്കി അഞ്ചരയോടെ ലിഫ്റ്റ് വഴി താഴെയിറക്കി. തെറ്റ് ചെയ്തിട്ടില്ലെന്ന് മാദ്ധ്യമങ്ങൾക്ക് മുമ്പിൽ ബോബി ആവർത്തിച്ചു. ജാമ്യത്തിനായി അഡ്വ. രാമൻപിള്ള വഴി ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

## ഫ്ളവർ ഷോ–2025 ശക്തൻ ഗ്രൗണ്ടിൽ ഇന്നുമുതൽ

തൃശൂർ : ഗ്രീൻ ഹോർട്ടികൾച്ചർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തൃശൂർ ഫ്ളവർ ഷോ –2025 ശക്തൻ ഗ്രൗണ്ടിൽ ഇന്നുമുതൽ 22 വരെ നടത്തും.

ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമുള്ളവയടക്കം 50,000 ചെടികൾ പ്രദർശനത്തിനുണ്ടാകും. പുഷ്പാലങ്കാരപ്രദർശനം, പക്ഷിമൃഗാദികളുടെ പ്രദർശനം, പുഷ്പരാജൻ – പുഷ്പറാണി മത്സരം, റോബോട്ടിക് ഷോ, വെജിറ്റബിൾ കാർവിംഗ്, കിഡ്സ് സോൺ എന്നിവയുണ്ടാകും.

വൈകീട്ട്നു മന്ത്രി ഡോ. ആർ. ബിന്ദു മേള ഉദ്ഘാടനം ചെയ്യും. പി. ബാലചന്ദ്രൻ എം എൽഎ, മേയർ എം.കെ. വർഗീസ്, പോലീസ് കമ്മീഷണർ ആർ. ഇളങ്കോ എന്നിവർ പങ്കെടുക്കും. വാർത്താസമ്മേളനത്തിൽ ഗ്രീൻ ഹോർട്ടികൾച്ചർ സൊസൈറ്റി പ്രസിഡൻറ് സെബി ഇരിന്പൻ, സെക്രട്ടറി മനോജ് മുണ്ടപ്പാട്ട്, ട്രഷറർ സിജോ ദേവസി, വൈസ് പ്രസിഡൻറ് കെ.എം. ഷജീദ്, ജോയിൻറ് സെക്രട്ടറി പി. മുഹമ്മദ് ബാബു എന്നിവർ പങ്കെടുത്തു.

## 'തെറ്റുകൾ പറ്റിയിട്ടുണ്ടാകാം, ദൈവമല്ല, ഞാനും മനുഷ്യനാണ്'; ആദ്യ പോഡ്കാസ്റ്റിൽ മോദി

ന്യൂഡൽഹി: തെറ്റുകൾ തനിക്കും സഭവിച്ചിട്ടുണ്ടാകാമെന്നും ദൈവമല്ല, മനുഷ്യനാണ് താനെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. സെറോദയുടെ സഹസ്ഥാപകൻ നിഖിൽ കാമത്തുമായി നടത്തിയ പോഡ്കാസ്റ്റിലാണ് പ്രധാനമന്ത്രി ഇങ്ങനെ പ്രതികരിച്ചത്. പല വിഷയങ്ങളിലും തുറന്ന് സംസാരിച്ച തന്റെ ആദ്യ പോഡ്കാസ്റ്റാണിതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

പോഡ്കാസ്റ്റിന്റെ വീഡിയോ പുറത്തുവിടുന്നതിന് മുമ്പ് നിഖിൽ കാമത്ത് രണ്ട് മിനിറ്റ് ദൈർഘ്യമുള്ള ട്രെയിലർ പുറത്തിറക്കിയിട്ടുണ്ട് ഈ ട്രെയിലറിൽ, നിഖിൽ പ്രധാനമന്ത്രിയോട് നിരവധി ചോദ്യങ്ങൾ ചോദിക്കുന്നത് കാണാം. അതിന് പ്രധാനമന്ത്രി ഉത്തരം നൽകുന്നുമുണ്ട്.

രണ്ട് മിനിറ്റ് ദൈർഘ്യമുള്ള താണ് ട്രെയിലർ. പോഡ്കാസ്റ്റിനിടെ കാമത്ത് തന്റെ പരിഭ്രമം തുറന്നു പറഞ്ഞു, 'ഞാൻ ഇവിടെ നിങ്ങളുടെ മുന്നിൽ ഇരുന്നു സംസാരിക്കുമ്പോൾ എനിക്ക് പരിഭ്രാന്തി തോന്നുന്നു. ഇത് എനിക്ക് കഠിനമായ ഒരു സംവാദമാണ്'. ഇത് തന്റെ ആദ്യ പോഡ്കാസ്റ്റാണെന്ന് പറഞ്ഞ പ്രധാനമന്ത്രി മോദി ഇത് താങ്കളുടെ പ്രേക്ഷകർ എങ്ങനെ ഏറ്റെടുക്കുമെന്ന് അറിയില്ലെന്നും മറുപടി നൽകി.

സംഭാഷണത്തിനിടയിൽ, പ്രധാനമന്ത്രി മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്തെ തന്റെ പ്രസംഗം ഓർമിപ്പിച്ചു. 'അന്ന് ഞാൻ പറഞ്ഞു, തെറ്റുകൾ സംഭവിക്കാം. ഞാൻ മനുഷ്യനാണ്, ദൈവമല്ല' മോദി പറഞ്ഞു.

ദക്ഷിണേന്ത്യൻ മധ്യവർഗ കുടുംബത്തിൽ വളർന്ന തനിക്ക് രാഷ്ട്രീയം ഒരുവൃത്തിക്കെട്ട കളിയാണെന്നാണ് കേൾക്കാൻ കഴിഞ്ഞത്. ഈയൊരു വിശ്വാസം ആളുകളിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. അങ്ങനെ ചിന്തിക്കുന്നവർക്ക് എന്താണ് ഉപദേശം നൽകാനുള്ളതെന്ന ചോദ്യത്തിന് പ്രധാനമന്ത്രിയുടെ മറുപടി ഇങ്ങനെയായിരുന്നു, 'നിങ്ങൾ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, നമ്മൾ ഈ സംഭാഷണം നടത്തില്ലായിരുന്നല്ലോ'.

## നേർച്ചക്കിടെ ആന തുമ്പിക്കൈയിൽ തൂക്കിയെറിഞ്ഞയാൾ മരിച്ചു

തിരൂർ: ബി.പി. അങ്ങാടി വലിയനേർച്ചയുടെ സമാപനദിവസത്തിൽ ഇടഞ്ഞ ആന തുമ്പിക്കൈയിൽ തൂക്കിയെറിഞ്ഞതിനെത്തുടർന്ന് ഗുരതരാവസ്ഥയിലിരുന്നയാൾ മരിച്ചു. തിരൂർ ഏഴൂർ സ്വദേശിയും പാചകക്കാരനുമായ തിരൂർ ബോയ്സ് ഹയർസെക്കൻഡറി സ്കൂളിനു സമീപം താമസിക്കുന്ന പൊട്ടച്ചോലെ പടി കൃഷ്ണൻകുട്ടി (55) ആണ് മരിച്ചത്.

നേർച്ചയ്ക്കിടെ ജാറത്തിന് മുൻപിൽ വെച്ച് പോത്തന്നൂർ പൗരസമിതിയുടെ പെട്ടിവരവിൽ അണിനിരന്ന പാക്കത്ത് ശ്രീകുട്ടൻ എന്ന ആന വിരണ്ട് തുമ്പിക്കൈയിൽ ചുഴറ്റിയെറിഞ്ഞ കൃഷ്ണൻകുട്ടി കോട്ടക്കൽ മിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്ന് രാവിലെ 11.29 നാണ് മരിച്ചത്.

## 'മദ്യപാനം വീട്ടിൽ വച്ചായിക്കോ, ജനങ്ങൾക്ക് മുന്നിൽ നാലുകാലിൽ വരാൻ പാടില്ല'; ബിനോയ് വിശ്വം

തിരു : പാർട്ടി അംഗങ്ങൾക്ക് മദ്യപാനശീലമുണ്ടെങ്കിൽ അത് വീട്ടിൽ വച്ചായിക്കോയെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. പാർട്ടി അംഗങ്ങൾക്കുള്ള മദ്യപാന വിലക്ക് നീക്കിക്കൊണ്ടുള്ള പാർട്ടി പ്രവർത്തന രേഖയിലെ ഭേദഗതിയെക്കുറിച്ച് മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ബിനോയ് വിശ്വം. ഇനി പുതിയ മാർഗരേഖ ജില്ലാ കൗൺസിലിൽ ചർച്ച ചെയ്യും. ശേഷമായിരിക്കും അന്തിമ തീരുമാനം ഉണ്ടാകുക. മദ്യം കഴിക്കരുതെന്ന പാർട്ടിയുടെ മാർഗരേഖയാണ് മാറ്റിയിരിക്കുന്നത്.

'മദ്യവർജനമാണ് പാർട്ടിയുടെ നയം നിരോധനമല്ല. പാർട്ടി അംഗങ്ങൾ മദ്യപാനം വീട്ടിൽ വച്ചായിക്കോ. അംഗങ്ങൾ പരസ്യമായി മദ്യപിച്ച് ജനങ്ങൾക്ക് മുന്നിൽ നാലുകാലിൽ വരാൻ പാടില്ല. മദ്യപാന ശീലം ഉണ്ടെങ്കിൽ അതിനെ തടയാൻ പാർട്ടി ആരുമല്ല. പക്ഷേ ഉത്തരവാദിത്തതോടെ പൊതുസമൂഹത്തിൽ ഇടപെടണം',– ബിനോയ് വിശ്വം പറഞ്ഞു.

പാർട്ടി സംസ്ഥാന കൗൺസിൽ അംഗീകരിച്ച പുതിയ പെരുമാറ്റച്ചട്ടത്തിലാണ് 33 വർഷത്തിനൊടുവിൽ മദ്യം സംബന്ധിച്ച നിലപാട് തിരുത്തുന്നത്. പ്രവർത്തകർക്ക് മദ്യപിക്കാം. എന്നാൽ അമിതമാവരുതെന്നാണ് നിർദേശം. നേതാക്കളും പ്രവർത്തകരും മദ്യപാനം പതിവാക്കരുതെന്നും പൊതുസ്ഥലങ്ങളിൽ മദ്യപിച്ച് പാർട്ടിക്ക് ചീത്തപ്പേരുണ്ടാക്കും വിധം പ്രവർത്തിക്കരുതെന്നും നിർദേശമുണ്ട്. വഴിയടച്ചുള്ള സമരത്തിൽ കോടതി നിർദേശം അനുസരിച്ച് ഹാജരാകുമെന്നും ബിനോയ് വിശ്വം അറിയിച്ചു. മനഃപ്പൂർവം സംഭവിച്ചതല്ല. കോടതിയിൽ ഹാജരായി കാര്യങ്ങൾ അറിയിക്കും. ജനങ്ങൾക്ക് സമരം ചെയ്യാൻ അവകാശം ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ബിഷപ്സ് ഹൗസിൽ വൈദികരുടെ പ്രതിഷേധം, പുറത്ത് വിശ്വാസികളുടെ കൂട്ടത്തല്ല്; പോലീസ് ഇടപെടൽ

കൊച്ചി: കുർബാന തർക്കത്തിൽ എറണാകുളം–അങ്കമാലി അതിരൂപതയിൽ വൈദികരുടെ പ്രതിഷേധത്തിനിടെ സംഘർഷം. വിശ്വാസികൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടി. വ്യാഴാഴ്ച നടന്ന സംഭവത്തിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സെയ്ന്റ് തോമസ് മൗണ്ടിൽ സിനഡ് സമ്മേളനം നടക്കുന്നതിനിടെ കഴിഞ്ഞദിവസം എറണാകുളം–അങ്കമാലി അതിരൂപതപക്ഷത്തെ വൈദികർ ബിഷപ്പ് ഹൗസ് കൈയേറി പ്രാർഥനായജ്ഞം തുടങ്ങിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് വിശ്വാസികൾ തമ്മിലുള്ള സംഘർഷവും അരങ്ങേറിയത്.

അതിരൂപതയിൽ ജനാഭിമുഖ കുർബാനപക്ഷത്തുള്ള 21 വൈദികരാണ് ബിഷപ്പ് ഹൗസിലുള്ളത്. ഇവരാണ് മെത്രാസന മന്ദിരത്തിൽ പ്രാർഥനാ യജ്ഞം നടത്താനെത്തിയത്. കാനോനിക നിയമങ്ങളും സിവിൽ നിയമങ്ങളും ലംഘിച്ച് വൈദികരെ സസ്പെൻഡ് ചെയ്ത നടപടി മാർ ബോസ്കോ പൂത്തൂർ പിൻവലിക്കും വരെ പ്രതിഷേധങ്ങൾ തുടരുമെന്നാണ് വൈദിക കൂട്ടായ്മ വ്യക്തമാക്കിയിരുന്നത്.

വൈദികർ അരമനയിൽ കയറിയ ഉടൻ ഒരുകൂട്ടം വിശ്വാസികൾ ഇവർക്ക് പിന്തുണയുമായെത്തി. ഏകീകൃത കുർബാനയെ അനുകൂലിക്കുന്നവരും സംഭവമറിഞ്ഞെത്തി. ഇതിനിടെയാണ് ഇരുപക്ഷത്തെയും വിശ്വാസികൾ തമ്മിൽ വാക്കേറ്റവും ഉന്തും തള്ളുമുണ്ടായത്. സെൻട്രൽ–നോർത്ത് പോലീസിന്റെ നേതൃത്വത്തിൽ ആളുകളെ ശാന്തരാക്കി.

അൽമായ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ വൈദികർക്ക് അഭിവാദ്യമർപ്പിച്ച് ആളുകൾ അരമനയ്ക്ക് പുറത്തുണ്ട്. സംഘർഷ സാധ്യത കണക്കിലെടുത്ത് വൻ പോലീസ് സന്നാഹവുമുണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് 2–നു ശേഷമാണ് വൈദികർ അരമനയ്ക്കുള്ളിൽ പ്രവേശിച്ചത്. അരമനയ്ക്ക് പോലീസ് കാവലുള്ളതിനാൽ പിൻവശത്തുകൂടിയാണ് വൈദികർ പ്രധാന ഹാളിൽ പ്രവേശിച്ചത്. പോലീസെത്തി പിന്തിരിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും ഒഴിഞ്ഞുപോകാൻ വൈദികർ ആദ്യം തയ്യാറായിരുന്നില്ല.

ഫാ. ജോയ്സ് കൈതക്കോട്ടിൽ അങ്കമാലിയിൽ നടത്തിവന്ന ത്രിദിന നിരാഹാര സത്യാഗ്രഹത്തിന്റെ സമാപന ദിവസമായിരുന്നു വ്യാഴാഴ്ച. സഭാധികൃതർ വിഷയത്തിൽ ഇടപെടാത്തതിൽ പ്രതിഷേധിച്ചായിരുന്നു അരമന കൈയേറാൻ വൈദികർ തീരുമാനിച്ചത്. കൂരിയ അംഗങ്ങളുടെ ബലത്തോടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പൂത്തൂർ പ്രതികാര നടപടികൾ തുടരുകയാണെന്നും ഇത് അവസാനിപ്പിക്കണമെന്നും വൈദികർ ആവശ്യപ്പെട്ടു.

## മാമി തിരോധാനം: ഡ്രൈവർ രജിത്തിനെയും ഭാര്യയേയും കാണാനില്ല, ദുരൂഹത, അന്വേഷണം

കോഴിക്കോട്: കോഴിക്കോട്ടെ റിയൽ എസ്റ്റേറ്റ് വ്യാപാരി മുഹമ്മദ് ആട്ടൂരിന്റെ (മാമി) തിരോധാനത്തിൽ ക്രൈബ്രാഞ്ച് അന്വേഷണം പുരോ?ഗമിക്കുന്നതിനിടെ അദ്ദേഹത്തിന്റെ ഡ്രൈവറേയും ഭാര്യയേയും കാണാതായി. ഡ്രൈവർ രജിത് കുമാറിനേയും ഭാര്യ തുഷാരയേയും കാണാനില്ലെന്ന് കാണിച്ച് തുഷാരയുടെ സഹോദരൻ സുമൽജിത്താണ് നടക്കാവ് പോലീസിൽ പരാതി നൽകിയത്.

കോഴിക്കോട് കെ.എസ്. ആർ.ടി.സി ബസ്റ്റാന്റിന് സമീപത്തെ ലോഡ്ജിൽ മുറിയെടുത്ത് താമസിക്കുകയായിരുന്ന ഇരുവരും വ്യാഴാഴ്ച മുറി വെക്കേറ്റ് ചെയ്ത് ലോഡ്ജിൽ നിന്നും പോയെന്നും പിന്നീട് ഇരുവരെക്കുറിച്ചും യാതൊരു വിവരവുമില്ലെന്നുമാണ് പരാതി. കഴിഞ്ഞ ചൊവ്വാഴ്ചയാണ് ഇരുവരും വീട്ടിൽ നിന്നും പോയത്. ചോദ്യം ചെയ്യലിനായി ക്രൈം ബ്രാഞ്ച് കഴിഞ്ഞദിവസം നോട്ടീസ് നൽകിയിരുന്നുവെന്നുള്ള വിവരങ്ങളും പുറത്ത് വരുന്നുണ്ട്.

സഹോദരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടക്കാവ് പോലീസ് നടത്തിയ അന്വേഷണത്തിൽ ഇരുവരും ഒരു ഓട്ടോറിക്ഷയിൽ കയറി പോകുന്നതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിട്ടുണ്ട് ഈ ഓട്ടോറിക്ഷ കണ്ടെത്താനുള്ള ശ്രമത്തിലാണ് പോലീസ്.

2023 ഓഗസ്റ്റ് 21നാണ് റിയൽ എസ്റ്റേറ്റ് വ്യാപാരിയായ മാമി എന്ന മുഹമ്മദ് ആട്ടൂരിനെ കാണാതായത്. മൊബൈൽ ഫോൺ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിൽ 22ന് ഉച്ചവരെ അത്തോളി പറമ്പത്ത്, തലക്കുളത്തൂർ ഭാഗത്ത് ഉള്ളതായി കണ്ടെത്തിയിരുന്നു. പിന്നീട് 147 പേരെ ചോദ്യം ചെയ്തു. ആയിരത്തിലേറെ ഫോൺ കോളുകൾ പരിശോധിച്ചു. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിൽ കുടുംബം അതൃപ്തി അറിയിച്ചതിനെ തുടർന്ന് കഴിഞ്ഞ സെപ്തംബറിലാണ് അന്വേഷണം കോഴിക്കോട് സ്റ്റേറ്റ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തത്.

## വീണ്ടും ദുരഭിമാനക്കൊല; അന്യജാതിയിൽപ്പെട്ട യുവതിയുമായി അടുപ്പത്തിലായ 18 കാരനെ തല്ലിക്കൊന്നു

ബംഗളൂരു: കർണാടകയിൽ അന്യജാതിക്കാരിയെ പ്രണയിച്ചതിന് ദളിത് വിഭാഗത്തിൽപ്പെട്ട യുവാവിനെ തല്ലിക്കൊന്നു. കമലാനഗറിലെ ഫസ്റ്റ് ഗ്രേഡ് കോളേജിലെ ഒന്നാം വർഷ ബിഎസ്സി വിദ്യാർത്ഥിയായ സുമിത് കുമാറാണ് (18) കൊല്ലപ്പെട്ടത്. സംഭവത്തിൽ യുവതിയുടെ പിതാവ് കിഷൻ ഗാവ്ലി (55) സഹോദരൻ രാഹുൽ ഗാവ്ലി (24) എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. യുവതിയും സുമിത്തുമായി ഏറെക്കാലമായി അടുപ്പത്തിലായിരുന്നു. ഈ ബന്ധത്തിൽ യുവതിയുടെ ബന്ധുക്കൾ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.

അതിനിടെ ജനുവരി അഞ്ചിന് യുവതിയെ കാണാനായി സുമിത്ത് വീട്ടിലെത്തിയിരുന്നു. ഈ സമയത്ത് കിഷനും രാഹുലും വീട്ടിൽ ഇല്ലായിരുന്നു. തുടർന്ന് പ്രതികൾ വീട്ടിലെത്തിയപ്പോൾ സുമിത്തിനെ കാണുകയും വടിയുപയോഗിച്ച് ക്രൂരമായി മർദ്ദിക്കുകയും ഗ്രാമത്തിന് പുറത്ത് ആളൊഴിഞ്ഞ സ്ഥലത്ത് യുവാവിനെ ഉപേക്ഷിക്കുകയുമായിരുന്നു. മണിക്കൂറുകളോളം നീണ്ട തിരച്ചിലിനൊടുവിലാണ് സുമിത്തിനെ നാട്ടുകാർ കണ്ടെത്തിയത്. ഗുരുതര പരിക്കേറ്റ യുവാവിനെ ലാത്തൂരിലെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോസ്റ്റ്മോർട്ടത്തിനുശേഷം സുമിത്തിന്റെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി.

സംഭവത്തിൽ സുമിത്തിന്റെ ബന്ധുക്കൾ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. പ്രതികൾക്കെതിരെ കർശന നടപടിയെടുക്കണമെന്നാണ് ബന്ധുക്കളുടെ ആവശ്യം. മകന് പെൺകുട്ടിയുമായി അടുപ്പമുള്ള കാര്യം അറിയുമായിരുന്നുവെന്നും അവർ കൊല്ലുമെന്ന് പ്രതീക്ഷിച്ചിരുന്നില്ലെന്നും പിതാവ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ഹാർമണി ഫെസ്റ്റിവലിനു ഇന്ന് തുടക്കമാകും

തൃശൂർ: കൊടുങ്ങല്ലൂർ അഴീക്കോട് മാർത്തോമ്മ തീർഥകേന്ദ്രത്തിൽ നടക്കുന്ന മതസൗഹാർദ സംഗീത-നൃത്ത കലാമേളയായ ഹാർമണി ഫെസ്റ്റിവലിനു ഇന്ന് തിരശീല ഉയരും. വൈകുന്നേരം 4.30 ന് 'മുസിരിസ്' സെമിനാറോടെയാണു ഹാർമണി ഫെസ്റ്റിവൽ ആരംഭിക്കുക. ഇ.ടി. ടൈസൺ എംഎൽഎ സെമിനാർ ഉദ്ഘാടനം ചെയ്യും. കെസിഎച്ച്ആർ മുൻ ചെയർമാൻ ഡോ. പിജെ. ചെറിയാൻ, മുസിരിസ് ഹെറിറ്റേജ് പ്രൊജക്ട് മാനേജർ ഡോ. മിഥുൻ എന്നിവർ പ്രഭാഷണം നടത്തും. ഷെവ. പ്രൊഫ. ജോർജ് മേനാച്ചേരി ചർച്ച നയിക്കും.

രണ്ടാം ദിവസമായ ശനിയാഴ്ച സംഗീതോൽസവമാണ്. രാവിലെ മുതൽ നൂറിലേറെ സംഗീത പ്രതിഭകൾ ഗാനാർച്ചന നടത്തും. വൈകുന്നേരം 6.30ന് മതഹൗസൗഹാർദ സമ്മേളനം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്യും. സ്വാമി ബ്രഹ്മസ്വരൂപാനന്ദ തീർത്ഥ, കെ. റിയാസ് മൗലവി അൽ ഹസനി, ആലുവ സെമിനാരി വൈസ് റെക്ടർ ഫാ. ഡോ. വിൻസെന്റ് കുണ്ടുകളം എന്നിവർ മുഖ്യാതിഥികളാകും. ജില്ലാ പഞ്ചായത്ത് മെമ്പർ സുഗത ശശിധരൻ, ഏറിയാട് പഞ്ചായത്ത് മെമ്പർ ലൈല സ്വേർ, ദേവമാതാ വികാർ പ്രൊവിൻഷ്യൽ ഫാ. ഡേവി കാവുങ്ങൽ സിഎംഐ എന്നിവർ പ്രസംഗിക്കും.

മൂന്നാംദിനമായ ഞായറാഴ്ച വൈകീട്ട് 7നു സമാപന സമ്മേളനം റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ഇ.ടി. ടൈസൺ എംഎൽഎ അധ്യക്ഷനാകും. 50,000രൂപ അടങ്ങുന്ന ഹാർമണി അന്തർദേശീയ അവാർഡ് കവിയും ചലച്ചിത്ര ഗാനരചയിതാവുമായ റഫീഖ് അഹമ്മദിനു മന്ത്രി സമ്മാനിക്കും. വിവിധ മേഖലകളിൽ മികവു പ്രകടമാക്കിയ പത്തു പ്രതിഭകളെ ആദരിക്കും.

ദേവമാതാ പ്രൊവിൻഷ്യൽ ഫാ. ഡോ. ജോസ് നന്തിക്കര സിഎംഐ, പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നൗഷാദ് കറുകപാടത്ത് എന്നിവർ പ്രസംഗിക്കും. തുടർന്ന് എം.ഡി. പോളി, ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ, റീന മുരളി എന്നിവർ നയിക്കുന്ന ഗാനമേളയുണ്ടാകും. പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് 251 അംഗ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്.

മലയാളത്തിന് ഗാന മധുരം വിളമ്പിയ - ഭാവ ഗായകൻ പി. ജയചന്ദ്രന് സാംസ്കാരിക നഗരി വിട ചൊല്ലി. സംഗീത നാടക അക്കാദമി അങ്കണത്തിൽ പൊതു ദർശനത്തിന് വെച്ച ഭൗതികശരീരത്തിൽ സാംസ്കാരിക ലോകം അന്ത്യാജലി അർപ്പിച്ചു.

# 'സ്കൂളുകളിൽ ബോംബ്'; ആഴ്ചകളോളം ഡൽഹിയെ പരിഭ്രാന്തിയിലാക്കിയത് 12-ാം ക്ലാസുകാരൻ, പരീക്ഷ ഒഴിവാക്കാൻ

ന്യൂഡൽഹി: ഡൽഹിയെ ആഴ്ചകളോളം പരിഭ്രാന്തിയിലാക്കിയ ബോംബ് ഭീഷണിക്ക് പിന്നിൽ പന്ത്രണ്ടാം ക്ലാസുകാരന്റെ പരീക്ഷാ 'ഭയം'. രാജ്യതലസ്ഥാനത്തെ നിരവധി സ്കൂളുകളിലേക്കായിരുന്നു തുടർച്ചയായി ബോംബ് ഭീഷണി സന്ദേശമെത്തിയിരുന്നത്. ഇത് അധികൃതരേയും രക്ഷിതാക്കളേയും പരിഭ്രാന്തിയിലാക്കിയിരുന്നു. ഒടുവിൽ പിന്നിൽ പ്രവർത്തിച്ച 12-ാം ക്ലാസുകാരനെ പോലീസ് കസ്റ്റഡിയിലെടുത്തിരിക്കുകയാണ്. ചോദ്യം ചെയ്യലിൽ താനാണ് ബോംബ് ഭീഷണി മെയിൽ അയച്ചിരുന്നതെന്ന് കുട്ടി സമ്മതിക്കുകയും ചെയ്തു.

കുറഞ്ഞത് ആറ് തവണ ബോംബ് ഭീഷണി മുഴക്കിയുള്ള ഇമെയിലുകൾ അയച്ചിട്ടുണ്ട്. ഓരോ തവണയും സ്വന്തം സ്കൂൾ ഒഴികെയുള്ള വിദ്യാലയങ്ങളിലേക്കായിരുന്നു ഭീഷണി സന്ദേശങ്ങൾ അയച്ചിരുന്നത്. ഒരു തവണ 23 സ്കൂളുകൾക്ക് വരെ ഭീഷണി സന്ദേശം അയച്ചിരുന്നുവെന്നും പോലീസ് അറിയിച്ചു.

പരീക്ഷ എഴുതാതിരിക്കാനാണ് കുട്ടി ഇത്തരത്തിൽ ബോംബ് ഭീഷണി പദ്ധതിയുമായിട്ട് ഇറങ്ങിയതെന്ന് പോലീസ് പറയുന്നത്. ബോംബ് ഭീഷണികളെ തുടർന്ന് പരീക്ഷകൾ റദ്ദാക്കുകയായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

നേരത്തെ മൂന്ന് സ്കൂളുകളിലേക്ക് ബോംബ് ഭീഷണി ഇ-മെയിലുകൾ അയച്ചത് അവിടുത്തെ തന്നെ വിദ്യാർഥികളാണെന്ന് പോലീസ് കണ്ടെത്തിയിരുന്നു. ഇതിന് പിന്നാലെയാണ് 23 ഓളം സ്കൂളുകളിലേക്ക് ഇ-മെയിൽ ഭീഷണി അയച്ച വിദ്യാർഥിയെ പിടികൂടിയിരിക്കുന്നത്.

നേരത്തെ പിടികൂടിയ വിദ്യാർഥികൾക്കും ഇപ്പോൾ പിടികൂടിയ വിദ്യാർഥിക്കും പരീക്ഷ റദ്ദാക്കുക എന്ന ഒറ്റ ലക്ഷ്യമായിരുന്നുവെന്നാണ് പോലീസ് പറയുന്നത്.

കഴിഞ്ഞ മാസം 11 ദിവസത്തിനിടെ 100 ഓളം സ്കൂളുകളിലാണ് ബോംബ് ഭീഷണി ലഭിച്ചിരുന്നത്.

വി.പി.എൻ വഴിയാണ് ഇമെയിലുകൾ അയക്കുന്നതെന്നും പോലീസ് വ്യക്തമാക്കി.

# 81-ാം വാർഷികവും അധ്യാപക രക്ഷാകർ ദിനവും ഹയർസെക്കണ്ടറി ദശവാർഷികത്തിന്റെ സമാപനവും ആഘോഷിച്ചു

തിരൂർ: സെന്റ് തോമസ് ഹയർ സെക്കൻഡറി വിദ്യാലയത്തിലെ അധ്യാപക രക്ഷാകർ ദിനവും 81 -ാം വാർഷികവും ഹയർസെക്കണ്ടറി ദശവാർഷികത്തിന് സമാപനവും സമുചിതമായി ആഘോഷിച്ചു. സ്കൂൾ മാനേജർ ഫാദർ പോൾസൺ പാലത്തിങ്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലക്ഷ്മി വിശ്വംഭരൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പാൾ സ്മിത പി ജോസ് പതാക ഉയർത്തി. ഹെഡ്മാസ്റ്റർ വി ഡി സ്വാഗതവും ഹയർസെക്കൻഡറി ഫസ്റ്റ് അസിസ്റ്റന്റ് ഡോ. ജോഫി ജോസ് റിപ്പോർട്ട് അവതരണവും നടത്തി. ഹയർസെക്കണ്ടറി ദശവാർഷിക സമാപനത്തോടനുബന്ധിച്ച് 'സ്നേഹനിധി' വിതരണം സ്കൂൾ മാനേജർ ഫാദർ പോൾസൺ പാലത്തിങ്ങൽ നിർവഹിച്ചു.

പാഠ്യപാഠ്യേതര രംഗത്ത് ഉന്നത വിജയം നേടിയവർക്ക് സമ്മാനവിതരണവും പ്രതിഭാ പുരസ്കാര സമർപ്പണവും വാർഡ് മെമ്പർ ടി കെ കൃഷ്ണൻകുട്ടി നിർവഹിച്ചു. ഒരു വർഷത്തെ സ്കൂൾ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കിയ സ്കൂൾ പത്രം ഫേസ് തൃശ്ശൂർ പോലീസ് അക്കാദമി എസ് പി യും പൂർവ്വവിദ്യാർത്ഥിയുമായ ഷാജി ജോസ് സി പ്രകാശനം ചെയ്തു. രോഗികൾക്കായി സ്വരൂപിച്ച ചികിത്സാസഹായ ദിനം പ്രസ്തുത സമ്മേളനത്തിൽ വിതരണം ചെയ്തു. ഫാ. ഡെബിൻ ഒലക്കേങ്കിൽ, പി ടി എ പ്രസിഡണ്ട് റൈജു പി.ഡി, എം പി ടി എ പ്രസിഡണ്ട് വിനിത സാജൻ സെൻതോമസ് എൽ പി ഒ സ്കൂൾ പ്രധാന അധ്യാപിക മേഴ്സി എംപി പള്ളി ട്രസ്റ്റി വില്യംസ് ചിറ്റാട്ടുകര ഹെഡ്മാസ്റ്റർ ജസ്റ്റിൻ ടി, പേരാമംഗലത്ത് എച്ച് എസ് എസ് അധ്യാപക പ്രതിനിധി ജാക്സൺ എൻ പി, എച്ച് എസ് അധ്യാപക പ്രതിനിധി ബിജു പി ആന്റണി, സ്കൂൾ ചെയർമാൻ അൻവിൻ ആൻഡ്രൂസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ കൺവീനർ സിജോ പി സി വാർഷികാഘോഷത്തിന് നന്ദിപറഞ്ഞു. വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് അണിയിച്ചിരിക്കുന്ന കലാപരിപാടികൾ വാർഷികാഘോഷത്തിന് ദൃശ്യ വിരുന്നായി.

# ടു ദി വർക്ക് പ്ലേസ് പ്രകാശനം ചെയ്തു

തൃശൂർ: മലയാളത്തിലെ ആദ്യത്തെ നവോത്ഥാന സ്ത്രീപക്ഷ നാടകമായ തൊഴിൽ കേന്ദ്രത്തിലേക്ക് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷ് പരിഭാഷ ടു ദി വർക്ക് പ്ലേസ് നിയമസഭാ പുസ്തകോത്സവ വേദിയിൽ കെ.കെ.ഷൈലജ എംഎൽ എ പ്രകാശനം ചെയ്തു. മലയാളം മിഷൻ മുൻ ഡയറക്ടർ ഡോ.സുജ സൂസൻ ജോർജ്ജ് ഏറ്റുവാങ്ങി.

കവിയും വനിതാ സാഹിതി സംസ്ഥാന പ്രസിഡണ്ടുമായ വി.എസ്.ബിന്ദു അദ്ധ്യക്ഷത വഹിച്ചു. മാധ്യമ പ്രവർത്തക സരിത വർമ്മ പങ്കെടുത്തു. ഡോ.എൻ.ആർ.ഗ്രാമ പ്രകാശ്, ഡോ. ബീന കെ.ആർ എന്നിവർ എഡിറ്റു ചെയ്ത നാടകം ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തിയത് ഡോ.അഞ്ജന ശങ്കർ ആണ്. നമ്പൂതിരിയെ മനുഷ്യനാക്കാൻ എന്ന 1944 ലെ ഈ എം എസിന്റെ ഓങ്ങല്ലൂർ പ്രസംഗത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ടാണ് സ്ത്രീകളുടെ നേതൃത്വത്തിൽ 1947 ൽ നാടക രചനയും അവതരണവും നടന്നത്.75 വർഷത്തിനു ശേഷമാണ് പരിഭാഷ പ്രസിദ്ധീകരിക്കുന്നത്.

# കൂടൽമാണിക്യത്തിൽ തിരുവാതിര ആഘോഷം ജനുവരി 12ന്

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ തിരുവാതിര ആഘോഷം ജനുവരി 12ന് (ധനു 28 - ഞായറാഴ്ച) വൈകീട്ട് 6.30 മുതൽ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരനടയിൽ നടക്കും.

യു ആർ എഫ് ലോക റെക്കോർഡ് ജേതാവ് ഗുരു അണിമംഗലം സാവിത്രി അന്തർജ്ജനത്തിന്റെ നേതൃത്വത്തിൽ മകീര്യം എട്ടങ്ങാടി മഹോത്സവം, തിരുവാതിരക്കളി, പാതിരാപൂച്ചൂടൽ തുടങ്ങിയ പാരമ്പര്യ ചടങ്ങുകൾ, എട്ടങ്ങാടി മഹോത്സവം എന്നിവ ജനുവരി 11ന് (ശനിയാഴ്ച) വൈകീട്ട് 6 മണി മുതൽ അരങ്ങേറും.

വിശദ വിവരങ്ങൾക്ക് 9475561204, 996174422 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# മാർത്തോമ്മ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു

തൃശൂർ: മാർത്തോമ്മ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പി ബാലചന്ദ്രൻ എം എൽ എ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സ്കൂൾ മാനേജർ റവ.പി ജെ ജോൺ അധ്യക്ഷത വഹിച്ചു. വിരമിക്കുന്ന അധ്യാപികയായ ശ്രീമതി. മറിയാമ്മ മാത്യുവിന് കോർപറേഷൻ ഡെപ്യൂട്ടി മേയർ എം എൽ റോസി സമർപ്പിച്ചു.

റവ. സാം ടി. മാത്യു, വാർഡ് കൗൺസിലർ സിന്ധു ആന്റോ, എച്ച് എസ് എസ് വിഭാഗം പി ടി എ പ്രസിഡന്റ് ഷംസുദ്ധീൻ സി വി, എൽ പി വിഭാഗം പി ടി എ പ്രസിഡന്റ് ആബിദ പി ആർ, എൽ പി ഹെഡ്മിസ്ട്രസ്സ് ഷാനി. കെ ജോസ്, ലില്ലി എ ടി, സിനി കുരിയൻ, വർഗ്ഗീസ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

വിരമിക്കുന്ന അധ്യാപിക ശ്രീമതി. മറിയാമ്മ മാത്യു വിടവാങ്ങൽ പ്രസംഗം നടത്തി.

ഹയർ സെക്കന്ററി പ്രിൻസിപ്പൽ റിൻസ്. പി.സെബാസ്റ്റ്യൻ സ്വാഗത പ്രസംഗവും, ഹൈസ്കൂൾ പ്രധാനാധ്യാപിക ലീന തോമസ് ചടങ്ങിന് നന്ദി അറിയിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി

# തൃശൂർ - കൊടുങ്ങല്ലൂർ റോഡ് നിർമാണത്തിൽ അശാസ്ത്രീയതയും മെല്ലെപ്പോക്കുമെന്ന് കേരള കോൺഗ്രസ്

ഇരിങ്ങാലക്കുട : കെ എസ് ടി പി നിർമിച്ചു കൊണ്ടിരിക്കുന്ന തൃശൂർ - കൊടുങ്ങല്ലൂർ സംസ്ഥാന പാതയുടെ നിർമാണ പ്രവർത്തനങ്ങൾ അശാസ്ത്രിയമായതും വേണ്ടത്ര ബദൽ സംവിധാനങ്ങൾ ഏർപെടുത്താതെയുള്ളതുമാണെന്നു കേരള കോൺഗ്രസ് ടൗൺ മണ്ഡലം കമ്മിറ്റി ആരോപിച്ചു. 35 കിലോമീറ്റർ ദൂരമുള്ള ഈ റോഡിന്റെ നിർമാണം 2022ൽ അവസാനിക്കേണ്ടതായിരുന്നു. എന്നാൽ പകുതിപോലും ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല.

ഇരിങ്ങാലക്കുട ഭാഗത്തെ യാത്ര ദുരിതപൂർണമാണെന്നും യോഗം കുറ്റപ്പെടുത്തി. യു ഡി എഫ് സർക്കാരിന്റെ കാലത്ത് തന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച ഠാണാ-ചന്തക്കുന്ന് റോഡിന്റെ വികസന നിർമാണ പ്രവർത്തനങ്ങൾ 8 വർഷം വൈകിപ്പിച്ചത് ഭരണ കെടുകാര്യസ്ഥതയാണെന്നും യോഗം ആരോപിച്ചു. പി.ടി.ജോർജ് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ജില്ലാ സെക്രട്ടറി സേതു മാധവൻ, നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, മാഗി വിൻസെന്റ്, ഫെനി എബിൻ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി: പി.ടി.ജോർജ് (പ്രസി.), ലാലു വിൻസെന്റ് (സീനിയർ വൈസ് പ്രസി), ആർതർ വിൻസെന്റ് (ജനറൽ സെക്ര. ഓഫിസ് ഇൻ ചാർജ്), എം.എസ്.ശ്രീധരൻ, ഫെനി എബിൻ, ലിംസി ഡാർവിൻ, ലാസർ കോച്ചേരി (വൈസ് പ്രസിഡന്റുമാർ). പി.വി.നോബിൾ, കെ.ജെ.രൻജോ , ജോസ് പാറേക്കാടൻ, കെ.ഡി.ആന്റപ്പൻ, ബാബു ചേലക്കാട്ടുപറമ്പിൽ, ഡേവിസ് പായമ്മൽ (ജനറൽ സെക്രട്ടറി). റോഷൻലാൽ, വിക്ടർ ചെതലൻ, റാണി കൃഷ്ണൻ, ഷീല ജോയ്, ബീന വാവച്ചൻ, ശരത് തമ്പാൻ, ജീസ് സെബാസ്റ്റ്യൻ, ലില്ലി തോമസ് (ജോ. സെക്രട്ടറി).ജോയൽ ജോയ് (ട്രഷറർ).

# വാർത്താച്ചുരുക്കം

* ഇന്ത്യ പെന്തക്കോസ്റ്റ് ദൈവസഭാ കൺവെൻഷൻ - നെല്ലികുന്ന് ഐ പി.സി ഗ്രൗണ്ടിൽ നാച്ച വൈകീട്ട് 6 മണി
* തൃശൂർ സെന്റ് മേരീസ് കോളേജിൽ മെഗാ തൊഴിൽ മേള. നാളെ കാലത്ത് 10 മുതൽ
* കലാമണ്ഡലം ഗോപി ആശാന്റെ മനോരഥം കവിതാ പുസ്തക പ്രകാശനം. നാളെ കാലത്ത് 10 മണിക്ക് സാഹിത്യ അക്കാദമി ഹാളിൽ നടക്കും.
* പാമ്പാടി ഭാരതപ്പുഴ കടവിൽ കേരള കുറംഭമേള സമാരംഭം.
* തൃശൂർ തെക്ക് സ്വാമിയാർ മംത്തിൽ - വൈദിക വിദ്യാപീഠം ഒരുക്കുന്ന സുമംഗലേഷ്ടിയജ്ഞം നാളെ രാവിലെ 6 - മുതൽ ആരംഭിക്കും
* തൃശൂർ ഇന്റർനാഷണൽ ഫോക് ലോർ ഫിലിം ഫെസ്റ്റ് നഗരത്തിലെ വിവിധ വേദികളിൽ.
* കോൺഫെഡറേഷൻ ഓഫ് റസിഡന്റ് വെൽഫെയർ അസോസിയേഷൻ പ്രഥമ ജില്ലാ കൺവെൻഷൻ വൈലോപ്പിള്ളി ഹാൾളിൽ.

# ഡോ.. ജോൺസൻ ആളൂർ പ്രസിഡണ്ട്

ഡോ. ജോൺസൻ ആളൂർ (പ്രസിഡന്റ്)

പന്നിത്തടം : പ്രകൃതി സംരക്ഷണ സംഘം തൃശൂർ ജില്ലാ കമ്മിറ്റി ജനറൽ ബോഡി യോഗം പന്നിതടം കനിവ് ഓഡിറ്റോറിയത്തിൽ വെച്ച് സംസ്ഥാന സെക്രട്ടറി ഷാജി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ. ജോൺസൻ ആളൂർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് ഈ വർഷത്തെ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

പ്രസിഡന്റ്-ഡോ. ജോൺസൻ ആളൂർ, സെക്രട്ടറി-മിഷാ സെബാസ്റ്റ്യൻ, ട്രഷറർ-ശങ്കരനാരായണൻ, വൈസ് പ്രസിഡന്റ്-ബീനാ ദിനേശൻ, ഷിജു കോട്ടേൽ-ജോയന്റ് സെക്രട്ടറി, റഫീക്ക് കടവല്ലൂർ-ഡെന്നീസ് മങ്ങാട്, കോർഡിനേറ്റർ-സജി മാത്യു.

ജില്ലാ എക്സിക്യൂട്ടീവ് മെമ്പർമാർ: ഷാജി തോമസ്. സണ്ണി ജോൺ പാറപ്പുറം, വിഷ്ണു എൻ.എം., ബിജു ജോൺ, ഡോ. സരിതാ സജീവ്, ഡോ. ജിറ്റു പീതാബരൻ, റിട്ട: എസ്. ഐ. ബാഹുലേയൻ, തോംസൺ പി.സി, നിഷാ സ്റ്റാൻലി, ഷാനവാസ് കരിക്കാട്, ഡോ. ജോൺസൻ ആളൂർ - പ്രസിഡന്റ്.

# താൽപര്യപത്രം ക്ഷണിച്ചു

തൃശൂർ: ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഹാച്ചറിയിലെ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് പ്രവൃത്തികൾ, നിർമാണ പ്രവൃത്തികൾ എന്നിവ ഏറ്റെടുത്തു നടത്തുന്നതിന് സർക്കാർ/അർധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. ഫോൺ: 0487-2361216

# കുടുംബശ്രീ സെന്ററിൽ റിസോഴ്സ് പേഴ്സൺ ഒഴിവ്

തൃശൂർ: കുടുംബശ്രീയുടെ തൃശൂർ ജില്ലാമിഷന് കീഴിൽ അതിരപ്പിള്ളി, വാഴച്ചാൽ, പഴയന്നൂർ, കടപ്പുറം എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്നേഹിത സബ് സെന്ററുകളിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ റിസോഴ്സ് പേഴ്സൺ ഒഴിവുണ്ട്. ചാലക്കുടി, പഴയന്നൂർ, ചാവക്കാട് ബ്ലോക്ക് പരിധിയിൽ താമസിക്കുന്നവർക്ക് അപേക്ഷിക്കാം. കുടുംബശ്രീ അയൽക്കൂട്ടത്തിലേയോ ഓക്സിലറി ഗ്രൂപ്പിലേയോ അംഗങ്ങളോ അവരുടെ കുടുംബാംഗങ്ങളോ ആയ വനിതകളായിരിക്കണം. സോഷ്യൽവർക്ക്/ സൈക്കോളജി/ വുമൺസ്റ്റഡീസ് എന്നിവയിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ആണ് യോഗ്യത. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം സിഡിഎസിന്റെ സാക്ഷ്യപത്രം, പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം അയ്യന്തോൾ സിവിൽ ലൈൻ ലിങ്ക് റോഡിലെ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് ഓഫീസിൽ ജനുവരി 22 ന് രാവിലെ 10ന് ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ - 04872362517, 04872382573

വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് സെന്റർ ഫോർ എനർജി സ്റ്റഡീസ് ഗ്രാമദീപ്തി പദ്ധതി കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ കെ കെ നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

# ഇന്ന് വൈകുണ്ഠ ഏകാദശി

തൃശൂർ : വൈകുണ്ഠ ഏകാദശി ഇന്ന്. ധനുമാസത്തിലെ വെളുത്തഏകാദശിയാണ് വൈകുണ്ഠ ഏകാദശിയായി ആചരിച്ചുവരുന്നത്. വിഷ്ണു അല്ലെങ്കിൽ ശ്രീകൃഷ്ണ ഭക്തർക്ക് ഇത് വളരെ പ്രധാനപ്പെട്ട ദിവസമാണ്.മഹാവിഷ്ണു ഭഗവാൻവൈകുണ്ഠത്തിലേയ്ക്കുള്ള വാതിൽ അല്ലെങ്കിൽ സ്വർഗ കവാടം തുറക്കുന്ന ദിവസമാണ് ഇതെന്നാണ് വിശ്വാസം.പേര് സൂചിപ്പിക്കുന്നത് പോലെ ഈ ഏകാദശിവിധിയാവണ്ണം അനുഷ്ഠിച്ചാൽ സൽപുത്രനോ പുത്രിയോജനിക്കുമെന്നും, സർവ്വഅനുഗ്രഹങ്ങൾ ഉണ്ടാകുമെന്നുമാണ് വിശ്വാസം.

കൃഷ്ണൻ കുചേലന്റെ അവൽപ്പൊതി സ്വീകരിച്ചു കൊണ്ട് അയാളെ കുബേരനാക്കിയ ദിവസമാണെന്നും വിശ്വാസമുണ്ട്. ശ്രീകൃഷ്ണൻ അർജുനന് ഭഗവദ്ഗീതഉപദേശിച്ച ദിവസമാണെന്നാണ് മറ്റൊരു വിശ്വാസം. അതിനാൽ ഗീതാദിനം എന്നും ഇതറിയപ്പെടുന്നു. അതുകൊണ്ട് തന്നെ മിക്ക വൈഷ്ണവ(കൃഷ്ണ)ക്ഷേത്രങ്ങളിലും ഇത് ആഘോഷദിവസമാണ്.

# സ്നേഹഭവനം താക്കോൽ ദാനം

തൃശൂർ: ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ വാഹനാപകടത്തിൽ മരണപ്പെട്ട കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിലെ ഫാം ലൈവ്‌ലിഹുഡ് ജില്ലാ പ്രോഗാം മാനേജരായിരുന്ന പി.ആർ. രാംനേഷിന് ഇടുക്കി ജില്ലയിലെ കുടുംബശ്രീ അംഗങ്ങളും ജീവനക്കാരും ചേർന്ന് നിർമ്മിച്ച സ്നേഹഭവനത്തിന്റെ താക്കോൽ ദാനം തദ്ദേശ ഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ജനുവരി 11 ന് രാവിലെ 10.30 ന് നിർവഹിക്കും. രാംനേഷിന്റെ ജന്മനാടായ തൃശൂർ ജില്ലയിലെ അവിണിശ്ശേരി പഞ്ചായത്തിലെ 10-ാം വാർഡിലാണ് സ്നേഹവീട് നിർമ്മിച്ചിരിക്കുന്നത്. തുടർന്ന് പെരിഞ്ഞേരി തിരുഹൃദയ ചർച്ച് പാരീഷ്ഹാളിൽ ചേരുന്ന യോഗത്തിൽ നാട്ടിക എംഎൽഎ സി.സി. മുകുന്ദൻ അധ്യക്ഷത വഹിക്കും.

# രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി പുതുക്കാട് നിയോജക മണ്ഡലം അംഗത്വ വിതരണ ഉദ്ഘാടനം

പുതുക്കാട്: രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി അംഗത്വ വിതരണ ഉദ്ഘാടനം രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ല ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി നിർവഹിച്ചു. ആമ്പല്ലൂർ യൂണിയൻ സ്റ്റോപ്പിലുള്ള ആമ്പല്ലൂർ മേഖല കമ്മിറ്റി ഓഫീസ് എം പി വീരേന്ദ്രകുമാർ നെന്മണിക്കര ഇയ്യുണ്ണി ഭവനിൽ വെച്ച് നടന്ന ചടങ്ങിൽ മുതിർന്ന പാർട്ടി പ്രവർത്തകനും നിയോജകമണ്ഡലം ട്രഷററുമായ അഅ റപ്പായിക്ക് അംഗത്വം നൽകിയാണ് ഉദ്ഘാടനം ചെയ്തത് മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് പ്രമുഖ സാഹിത്യകാരനും സിനിമ തിരക്കഥാകൃത്തും സംവിധായകനുമായ എം ടി വാസുദേവൻ നായർ എന്നിവരുടെ നിര്യാണത്തിൽയോഗം അനുശോചന രേഖപ്പെടുത്തി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണ്ണ കിരീടം നേടിയ തൃശ്ശൂർ ജില്ലാ ടീമിനെ യോഗം അഭിനന്ദിച്ചു 1999 വർഷത്തിൽ തൃശ്ശൂർ ജില്ല സ്വർണ്ണ കിരീടം നേടിയപ്പോൾ ടീമിന്റെ മാനേജർ ആയിരുന്ന ആർ ജെ ഡി ജെ ഡി ജില്ലാ വൈസ് പ്രസിഡണ്ട് പി ഐ സൈമൺ മാസ്റ്ററെ യോഗം അഭിനന്ദിച്ചു നിയോജകമണ്ഡലം വൈസ് പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു ജില്ലാ കമ്മിറ്റി അംഗം ഐ പി കുട്ടൻ നിയോജകമണ്ഡലം ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ടി ഐ സേവിയർ അജിത്ത് വി ആർ രജിത വി ആർ പമ്പവാസൻ കളരിക്കൽ എം വി വാസു എം കെ കൃഷ്ണൻ എം പി ജോർജ് എം കെ കൃഷ്ണൻ പി വി ജയൻ എബീസ് കുന്നിക്കുരുവിൽ എം വി പ്രദീപ് തുടങ്ങിയവർ സംസാരിച്ചു

# അര